## കേരള സർക്കാർ

## ജലസേചന വകുപ്പ്

# പുനർ-ദർഘാസ് പരസ്യം

നമ്പർ.ടി-1.ഡിഡി/2017-18 തീയതി-12.01.2018

കേരള ജലസേചന വകുപ്പ് ഐ.ഡി.ആർ.ബി(കോസ്റ്റൽ എഞ്ചിനീയറിംഗ് വിംഗ്)ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം,കേരള ഗവർണ്ണർക്കു വേണ്ടി താഴെ പറയുന്ന പ്രവൃത്തികൾക്ക് കേരള ജലസേചന/പൊതുമരാമത്തു വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും മുദ്ര വച്ച കവറുകളിൽ മത്സരാടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.ദർഘാസ് ഫോറങ്ങൾ താഴെ പറയുന്ന പ്രകാരം വിതരണം ചെയ്യുന്നതും ദർഘാസുകൾ സ്വീകരിക്കുന്നതുമാണ്.ദർഘാസുകൾ ഇൻഡ്യൻ തപാൽ വകുപ്പ് രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് മുഖേന ലഭിക്കുന്നവ മാത്രം സ്വീകരിക്കുന്നതാണ്.കൊറിയർ വഴി ലഭിക്കുന്ന ദർഘാസുകൾ തിരസ്ക്കരിക്കുന്നതാണ്.ദർഘാസ് നമ്പറും പ്രവൃത്തിയുടെ പേരും രേഖപ്പെടുത്തിയ മുദ്ര വച്ച കവറിലായിരിക്കണം ദർഘാസുകൾ സമർപ്പിക്കേണ്ടത്.

| ക്രമ നമ്പർ | ദർഘാസ് ഫോറം വിതരണം ചെയ്യുന്ന തീയതിയും സമയവും | പൂരിപ്പിച്ച ദർഘാസ് ഫോറം സ്വീകരിക്കുന്ന തീയതിയും സമയവും | ദർഘാസ് തുറക്കുന്ന ദിവസവും സമയവും |
|---|---|---|---|
| 1 | **16.01.2018** തീയതി **11.00** മണി മുതൽ **3.00** മണി വരെ | **19.01.2018** ഉച്ചയ്ക്ക് **2.30** മണി വരെ | **19.01.2018** ഉച്ചയ്ക്ക് **3.00** മണി വരെ |

ടി ദർഘാസുകൾ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ/നിയമാനുസൃത ഏജൻറുമാരുടെ സാന്നിധ്യത്തിൽ മുകളിൽ പറയുന്ന ദിവസം ഉച്ച കഴിഞ്ഞ് 3.00മണിക്ക് തുറക്കുന്നതാണ്. ദർഘാസുകൾ സ്വീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന അവസാന ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഉച്ചയ്ക്ക് **2.30** മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് **3.00** മണിക്ക് തുറക്കുന്നതുമാണ്. ദർഘാസിൻെറ കാലാവധി അവ സ്വീകരിക്കുന്ന തീയതി മുതൽ 2 മാസം ആയിരിക്കും. തപാലിൽ വരുന്ന കാലതാമസത്തിനും കരാറുകാരൻ ഉത്തരവാദി ആയിരിക്കും. ദർഘാസ്

ഫോറങ്ങളുടെ വിൽപ്പനയും ദർഘാസ് തപാലിൽ സ്വീകരിക്കുന്നതും തുറക്കുന്നതുമായ തീയതികളും മുകളിൽ കാണിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും. | നിരത ദ്രവ്യം | ദർഘാസ് പ്രമാണ ത്തിൻെറ വില | കരാറുകാരുടെ യോഗ്യത | പ്രവ്യത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1 | 01/ഡി.ഡി /2017-18 | ആലപ്പുഴ നിയോജക മണ്ഡലത്തിലെ കോസ്റ്റൽ എഞ്ചിനീയറിംഗ് സെക്ഷൻ ചേർത്തലയുടെ അധീനതയിലുള്ള സി.പി..838 നും 855 നും ഇടയിൽ കാട്ടൂരിൽ ഗ്രോയിൻ നിർമ്മിക്കുന്നതിനായി ബാത്തിമെട്രിക് സർവ്വേ പ്രവ്യത്തികൾ നടപ്പിലാക്കുക. അടങ്കൽ തുക് 53,900/-രൂപ | 1400/- | 150/- | ഡി ക്ലാസ്സും അതിനു മുകളിലും. | 3 മാസം. |

പൊതുമരാമത്ത് /ജലസേചന വകുപ്പിൽ രജിസ്ട്രേഷനുള്ള അർഹരായ കരാറുകാർക്ക് മാത്രമേ ദർഘാസ് ലഭ്യമാകുകയുള്ളൂ. ദർഘാസ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ താഴെ ഒപ്പുവച്ച ഉദ്യോഗസ്ഥൻെറ കാര്യാലയത്തിൽ നിന്നും 5.00 മണി വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അറിയാവുന്നതാണ്. ദർഘാസ് പ്രമാണം വാങ്ങിക്കുവാൻ രജിസ്ട്രേഷൻ കൊണ്ടുവരേണ്ടതാണ്. ദർഘാസ് പ്രമാണത്തിനുള്ള അപേക്ഷാഫോറത്തിൽ രജിസ്ട്രേഷൻ നമ്പർ എഴുതേണ്ടതാണ്. നിരതദ്രവ്യം ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ അധികാരപ്പെടുത്തിയിട്ടുള്ളതും ഡിസ്ചാർജ് ചെയ്യിട്ടുള്ളതും ആയിരിക്കണം. ദർഘാസിനോടൊപ്പം 100/- രൂപ വിലയുള്ള മുദ്രപത്രത്തിൽ തയ്യാറാക്കിയ നിശ്ചിത ഫോറത്തിലുള്ള പ്രാഥമിക ഉടമ്പടി ഒപ്പിട്ടു അടക്കം ചെയ്യിരിക്കേണ്ടതാണ്.പ്രാഥമിക ഉടമ്പടി അടക്കം ചെയ്യിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ തിരസ്ക്കരിക്കുന്നതാണ്. നിരതദ്രവ്യമായി എടുക്കുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്/കിസാൻ വികാസ്പത്ര എന്നിവ ഡെപ്യൂട്ടി ഡയറക്ടറുടെ

പേരിൽ പണയപ്പെടുത്തിയിരിക്കണം.(ഇന്ദിര വികാസ്പത്രങ്ങൾ സ്വീകരിക്കുന്നതല്ല).കേരള ജലസേചന വകുപ്പ് ·/**പൊതുമരാമത്ത്** വകുപ്പിൽ ദർഘാസ് സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും **ഇതിന് ബാധക**മാണ് .

Sauthm

ഡെപ്യൂട്ടി ഡയറക്ടർ

(കേരള ഗവർണ്ണർക്കു വേണ്ടി)

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കോസ്റ്റൽ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ

മിനി സിവിൽ സ്റ്റേഷൻ, തൃപ്പൂണിത്തുറ

എറണാകുളം

തീയതി–12.01.2018